# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

## സർക്കുലർ

നമ്പർ 11326/ഉ.പ.സി3/2011/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 9.*

*വിഷയം*:—നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയുടെ തിരിച്ചറിയൽ പത്രിക സമർപ്പണം—സംബന്ധിച്ച്

*സൂചന*:—(1) 14-12-2010-ലെ സ.ഉ.(അ) 41/2010/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

(2) 6-6-2011-ലെ സ.ഉ.(അ) 15/2011/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

(3) 30-6-2011-ലെ സ.ഉ.(അ) 20/2011/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.

(4) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 30-6-2011-ലെ ഡി. ആർ. 1 (1) 51513/06/ഗ.വി. (12) നമ്പർ കത്ത്.

APCCF(A) I 27/8/2011

ഭാവിയിലുണ്ടാകുന്ന എല്ലാ പി.എസ്.സി. നിയമനങ്ങളിലും പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിനു പുറമെ പബ്ലിക് സർവ്വീസ് കമ്മീഷന്റെ വെരിഫിക്കേഷൻ റിപ്പോർട്ടും കൂടി വാങ്ങിയതിനുശേഷമേ നിയമനങ്ങൾ റെഗുലറൈസ് ചെയ്യാവൂ എന്ന് എല്ലാ നിയമനാധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ട് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ മേൽവിഷയം സംബന്ധിച്ച ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സൂചന (2), സൂചന (3) എന്നിവ പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു.

2. സൂചന (1)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികളുടെ യഥാർത്ഥ തിരിച്ചറിയൽ പത്രിക നിയമനാധികാരികൾക്ക് അയച്ചു കൊടുക്കുന്ന രീതിയിൽ വ്യത്യാസം വരുത്തി, യഥാർത്ഥ പത്രിക പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ സൂക്ഷിക്കുകയും അവയുടെ സ്കാൻ ചെയ്ത പകർപ്പ് നിയമന ശുപാർശയോടൊപ്പം നിയമനാധികാരിക്ക് അയച്ചുകൊടുക്കുകയും ചെയ്യുന്ന രീതി 1-3-2011 മുതൽ നടപ്പാക്കിയതായി സൂചന (4)-ലെ കത്ത് പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. എന്നാൽ അസ്സൽ തിരിച്ചറിയൽ പത്രിക

GCPT. 3/3083/2011/DTP.

ആവശ്യപ്പെട്ടുകൊണ്ട് ചില നിയമനാധികാരികൾ പബ്ലിക് സർവ്വീസ് കമ്മീഷനെ സമീപിക്കുകയും, ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാതിരിക്കുകയും ചെയ്യുന്നതായി പബ്ലിക് സർവ്വീസ് കമ്മീഷന്റേയും സർക്കാരിന്റേയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. ഈ സാഹചര്യത്തിൽ, നിയമനം ലഭിച്ച ഉദ്യോഗാർത്ഥിയുടെ തിരിച്ചറിയൽ പത്രിക സമർപ്പണം സംബന്ധിച്ച് സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

(i) പുതുക്കിയ നടപടി ക്രമമനുസരിച്ച് 1-3-2011 മുതൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നൽകുന്ന നിയമന ശിപാർശകൾക്കൊപ്പം, ഉദ്യോഗാർത്ഥിയുടെ തിരിച്ചറിയൽ പത്രികയുടെ സ്കാൻ ചെയ്ത പകർപ്പ് മാത്രമേ നിയമനാധികാരിക്ക് ലഭ്യമാക്കുകയുള്ളൂ. നിയമനാധികാരികൾ ഇതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥിയെ തിരിച്ചറിഞ്ഞ് നിയമന ഉത്തരവ് നൽകേണ്ടതാണ്.

(ii) കൂടാതെ സൂചന (3)-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (ii), (iii) എന്നിവയുടെ അടിസ്ഥാനത്തിൽ പി. എസ്.സി. നടപടി സ്വീകരിച്ച് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് നിയമനാധികാരിക്ക് തിരിച്ചയച്ചു കൊടുക്കുന്ന അവസരത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസിൽ സൂക്ഷിച്ചിട്ടുള്ള ഉദ്യോഗാർത്ഥിയുടെ തിരിച്ചറിയൽ പത്രികയുടെ അസ്സൽ കൂടി വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം തിരിച്ചയച്ചു കൊടുക്കേണ്ടതും ആയത് നിയമനങ്ങൾ റെഗുലറൈസ് ചെയ്യുന്ന ഉത്തരവിനോടൊപ്പം ഉദ്യോഗാർത്ഥിയുടെ സേവന പുസ്തകത്തിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്.

റ്റി. ജെ. മാത്യു,
*സെക്രട്ടറി.*

എല്ലാ വകുപ്പു തലവന്മാർക്കും/ഓഫീസ് മേലധികാരികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.